# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 5189. 02.07.2013 ൽ മറുപടിയ്ക്ക്.

സ്കൂൾ ബസ്സുകളുടെ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്കൂൾ ബസ്സുകളുടെ സഞ്ചാര ക്ഷമതയും അത് ഓടിക്കുന്ന ഡ്രൈവർമാരുടെ യോഗ്യതയും വിദ്യാഭ്യാസസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ ; അപ്രകാരം ചെയ്യാത്തവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സ്കൂൾ ബസുകളുടെ സഞ്ചാരക്ഷമതയെ സംബന്ധിച്ചും അവ ഓടിക്കുന്ന ഡ്രൈവർമാരുടെ യോഗ്യതയെ സംബന്ധിച്ചും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന ങ്ങളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഗതാഗത കമ്മീഷണർ പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാന പോലീസ് മേധാവി എന്നിവർ സ്കൂൾ അധികാരികൾക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കാത്ത വാഹന ഉടമകൾക്കും ഡ്രൈവർമാർക്കുമെതിരെ 1988 ലെ മോട്ടോർവാഹന നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) നേരിട്ട് വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ ചെന്ന് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് പോലീസ് ട്രാൻസ്പോർട്ട് വകുപ്പുകളുടെ പ്രത്യേക സംയുക്ത ഗ്രൂപ്പുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സ്കൂൾ ബസ്സുകൾ എല്ലാ വിദ്യാഭ്യാസ വർഷാരംഭത്തിലും പ്രത്യേകം പരിശോധിച്ച് സഞ്ചാരക്ഷമത ഉറപ്പ് വരുത്തി സ്റ്റിക്കറുകൾ പതിക്കുന്നുണ്ട്. ഈ വർഷം സ്കൂൾ തുറക്കുന്നതിന് മുമ്പ് ഡ്രൈവർമാർക്കും, ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകൾ നല്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റോഡ് ചെക്കിംഗ് നടത്തി നിയമാനുസൃതമല്ലാത്ത സ്കൂൾ ബസ്സുകൾക്കെതിരെ നടപടി എടുക്കുന്നുണ്ട്. ഇങ്ങനെ നിരവധി നടപടികൾ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ളതിനാൽ നിലവിൽ നേരിട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെന്ന് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് പോലീസ് ട്രാൻസ്പോർട്ട് വകുപ്പുകളുടെ പ്രത്യേക സംയുക്ത ഗ്രൂപ്പുകൾ രൂപീകരിക്കേണ്ട ആവശ്യമുള്ളതായി കണ്ടിട്ടില്ല. എന്നാൽ ആവശ്യമെന്ന് തോന്നുന്നുവെങ്കിൽ സംയുക്ത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.